

# കളിക്കളം

കെ.പി ബഷീർ

രാഷ്ട്രീയം ഇപ്പോൾ ഒരു ഫുട്ബോൾ കളി പോലെയാണ്
അല്ലെങ്കിൽ ക്രിക്കറ്റ് പോലെ
ഇരു ടീമുകളിലായി രണ്ടു ചേരികൾ
ജഴ്സിയായി കൊടിയുടെ നിറം
അഴിമതി, പെൺവാണിഭം, മാഫിയാബന്ധം...
ആരോപണങ്ങളാൽ നെയ്ത പന്ത്
തട്ടിത്തെറിപ്പിക്കലാണ് വിജയം
അല്ലെങ്കിൽ പന്ത് എതിർടീമിന്റെ വലയിലാക്കൽ
സത്യവും ധർമവും വ്രതമാക്കിയ ജനസേവകർ
കാറ്റൊഴിഞ്ഞ പന്താണ്.
കളിക്കാൻ കൊള്ളാത്ത പന്ത്.
ജയ് വിളിക്കാൻ അണികളുണ്ട് ഗാലറിയിൽ.
കളിക്കാർക്ക് കൈനിറയെ സമ്മാനങ്ങളുമായി
സ്പോൺസർമാരുണ്ട് പിന്നിൽ.
ജയിച്ചാലും തോറ്റാലും സമ്മാനങ്ങൾ.
അഞ്ചാണ്ടിലൊരിക്കൽ പുതിയ കളിക്കാർ വരും.
അതിന് ലക്ഷങ്ങളൊഴുക്കണം.
ചിലപ്പോൾ കോടികളും.
അതിനാണ് സ്പോൺസേർഡ് കമ്പനികൾ.
മാഫിയകളല്ല, അബ്കാരികളോ കള്ളപ്പണക്കാരോ അല്ല
രാജ്യതൽപരരായ വ്യവസായികളാണത്രെ ഇക്കൂട്ടർ.
ഇവർ ചിലപ്പോൾ റഫറിമാരാവും.
അല്ലെങ്കിൽ അമ്പയർമാർ.
കളിയിൽ പുതിയ പുതിയ നിയമങ്ങളെഴുതിച്ചേർക്കുമിവർ.
ഗാലറിയിലിരിക്കുന്നവർക്ക് കളി കണ്ടിരിക്കാം.
ആർപ്പുവിളിക്കാം.
ഫൗൾ കണ്ടാൽ മിണ്ടരുത്.
ചോദ്യം ചെയ്യരുത്.
ഫൗളിൽ രോഷം കൊള്ളുന്നവർ
കളിയറിയാത്ത അരസികർ.
അവരുടെ സ്ഥാനം ഗാലറിക്കു പുറത്ത്. ■

ശാഹിന തായിൽ

# ചോദ്യം



ഒരു മുടിനാരിഴയിൽ
എന്തിരിക്കുന്നു?
തികച്ചും
അപ്രസക്തമായ ഒരു ചോദ്യം.

ഉടലിനോട്
ചേർന്നു നിൽക്കുമ്പോൾ
അലങ്കാരമെന്നും
ഉയിരറ്റു വീണാൽ
മ്ലേച്ഛമെന്നും
മുടിനാരിഴയെ
നിർവചിക്കാമെന്നതിലുപരി
അതിന്റെ
രസതന്ത്രത്തെക്കുറിച്ച്
നാമാരും
ചർച്ച ചെയ്യാറില്ല.

കാലത്തിന്റെ വൈരുദ്ധ്യമോ
വൈഭവമോ
നിശ്ചയമില്ല!
ജീർണതയുടെ
ചങ്ങലക്കെട്ട് ഭേദിച്ച്
അന്ധവിശ്വാസത്തിന്റെ
കാളീരൂപം പൂണ്ട്

മുടിനാരിഴകളിപ്പോൾ
പ്രത്യയശാസ്ത്രത്തെ
വെല്ലുവിളിക്കുന്നു
കോടികൾക്ക്
വില പേശുന്നു!
ഭൂമിയിൽ
അന്ധതയും
ഭിന്നിപ്പും
കലാപവും
സൃഷ്ടിക്കാൻ മാത്രം
മൂല്യവത്കരിക്കപ്പെട്ടതുകൊണ്ട്
ഇനിമേൽ ചോദിക്കരുതാരും
ഒരു മുടിനാരിഴയിൽ
എന്തിരിക്കുന്നു? ■



ആമിന താജുദ്ദീൻ,
കടയ്ക്കൽ

# മഴ

ആകാശം ഭൂമിയോട്
ചൊല്ലുന്ന കവിതയാണ്
ഓരോ മഴയും.